# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4432

25.10.2016-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനായി അനുവദിച്ച ഭൂമി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ 2 വ്യവസായ പ്ലോട്ടുകളും (ചട്ടഞ്ചാൽ, അനന്തപുരം), ഒരു വ്യവസായ ഏരിയയുമാണുള്ളത് (അനന്തപുരം). |
| ബി) ഇതിൽ എത്ര ഏക്കർ ഭൂമിയാണുള്ളത്; എത്രപേർക്ക് വ്യവസായം തുടങ്ങുന്നതിനായി ഭൂമി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ അറിയിക്കുമോ; | ബി) ആകെ 239.5 ഏക്കർ ഭൂമിയാണുള്ളത്. 75 പേർക്ക് ഭൂമി നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>ഡി.പി.അനന്തപുരം<br>ആകെ ഭൂമി - 103 ഏക്കർ<br>ഭൂമി അനുവദിച്ചു നല്കിയത് - 49 പേർക്ക്<br>ഡി.പി.ചട്ടഞ്ചാൽ<br>ആകെ ഭൂമി - 28.5 ഏക്കർ<br>ഭൂമി അനുവദിച്ചു നല്കിയത് - 20 പേർക്ക്<br>ഡി.എ.അനന്തപുരം<br>ആകെ ഭൂമി - 108 ഏക്കർ<br>ഭൂമി അനുവദിച്ചു നല്കിയത് - 6 പേർക്ക് |
| സി) ഭൂമി അനുവദിച്ചു നല്കിയവരെല്ലാം വ്യവസായം തുടങ്ങിയിട്ടുണ്ടോ; അനുവദിച്ചു നല്കിയ സ്ഥലത്ത് വ്യവസായം തുടങ്ങാത്തവർ എത്രയുണ്ടെന്നും ഇവരുടെ കൈവശങ്ങളിലായി എത്ര ഏക്കർ ഭൂമി വെറുതെ കിടക്കുന്നുണ്ടെന്നും അറിയിക്കുമോ; | സി) ഇല്ല. വ്യവസായം തുടങ്ങാത്തവർ 42 പേരുണ്ട്. 42 പേർക്കായി 49.26 ഏക്കർ ഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്. |
| ഡി) എങ്കിൽ വ്യവസായം തുടങ്ങാത്ത വരിൽ നിന്ന് ഭൂമി തിരിച്ചെടുത്ത് ആവശ്യക്കാർക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) വ്യവസായം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചു പിടിച്ചു വരുന്നുണ്ട്. ആയത് ആവശ്യക്കാർക്ക് റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ